# മനുഷ്യൻ ആദരണീയൻ

**മുഹമ്മദ് അബൂ സുഹ്റ**

**വിശുദ്ധ** ഖുർആൻ പാരായണം ചെയ്യുന്നവന് ആദ്യമായി കാണാൻ സാധിക്കുന്നത് വർണ്ണത്തിന്റെയോ, വർഗത്തിന്റെയോ, ഗോത്രത്തിന്റെയോ പരിഗണനകൂടാതെ മനുഷ്യന് അത് കൽപിക്കുന്ന ആദരണീയതയാണ്. മനുഷ്യൻ ഖുർആന്റെ വീക്ഷണത്തിൽ ആദരണീയനാണ്. കാരണം അവൻ മനുഷ്യനാണ്. ഗണനീയനാണ്. കാരണം അവൻ മനുഷ്യനാണ്. ചുമതലാ ബദ്ധനാണ്. മനുഷ്യനാണെന്നതുതന്നെ കാരണം ഖുർആൻ പറയുന്നു:

"മനുഷ്യനെ നാം ആദരിച്ചിരിക്കുന്നു. അവന് നാം കരയിലും കടലിലും യാത്രാ സൗകര്യങ്ങൾ നൽകുകയും ഉത്തമമായ ആഹാരം നൽകുകയും ചെയ്തു. (മാത്രമല്ല) നമ്മുടെ മറ്റനേകം സൃഷ്ടികളേക്കാൾ അവനെ നാം ശ്രേഷ്ഠനാക്കുകയും ചെയ്തിരിക്കുന്നു." (17:70)

ഈ പ്രപഞ്ചത്തിൽ ദൈവത്തിന്റെ പ്രതിനിധിയാണ് മനുഷ്യൻ. ഭൂമിയിൽ അവൻ കൈകാര്യകർത്താവുമാണ്. പ്രപഞ്ചത്തിലുള്ള എല്ലാം അല്ലാഹു അവന് കീഴ്പ്പെടുത്തിക്കൊടുത്തിരിക്കുന്നു. ഇഛാനുസാരം നടന്നുപോകാനുള്ള മാർഗങ്ങൾ. ആവശ്യാനുസാരം ഉപയോഗിക്കുവാനുള്ള വായുവും വെള്ളവും. അന്ധകാരത്തിൽ അപഥ സഞ്ചാരം നടത്തുമ്പോൾ കരയിലും കടലിലും നേർമാർഗം ദർശിക്കാനുള്ള നക്ഷത്രങ്ങൾ. മാറി മാറി വന്നുകൊണ്ടിരിക്കുന്ന സൂര്യ ചന്ദ്രന്മാർ. രാപ്പകലുകൾ. അങ്ങനെ എന്തെല്ലാം കാര്യങ്ങളാണ് അവനുവേണ്ടി സംവിധാനിച്ചിരിക്കുന്നത്.

മനുഷ്യ പിതാവായ ആദിമ മനുഷ്യനെപ്പറ്റി മാലാഖമാരോട് സംഭാഷണം നടത്തിയപ്പോൾ അല്ലാഹു പറഞ്ഞു:

"ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോകുന്നുവെന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം. അവർ ചോദിച്ചു: അതിൽ നാശമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെയാണോ നീ അവിടെ നിയമിക്കുന്നത് ? ഞങ്ങളിതാ, നിന്നെ വാഴ്ത്തുകയും പ്രകീർത്തിക്കുകയും പരിശുദ്ധപ്പെടുത്തുകയും ചെയ്യുന്നു. അവൻ പറഞ്ഞു: നിങ്ങൾ അറിയാത്തത് ഞാൻ അറിയുന്നുണ്ട്. (പിന്നീട്) എല്ലാ സംജ്ഞകളും അവൻ ആദമിനെ അഭ്യസിപ്പിച്ചശേഷം അവ മലക്കുകൾക്ക് കാണിച്ചുകൊണ്ട് പറഞ്ഞു: നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഇവയുടെയെല്ലാം പേരുകൾ പറഞ്ഞുതരൂ. അവർ പറഞ്ഞു: നീ പരിശുദ്ധൻ, നീ പഠിപ്പിച്ചതല്ലാത്ത ഒരു വിജ്ഞാനവും ഞങ്ങൾക്കില്ല. നീ തന്നെയാണ് അഭിജ്ഞനും തന്ത്രജ്ഞനും. അവൻ പറഞ്ഞു: ഓ, ആദം,അവയുടെ പേരുകൾ ഇവർക്കു പറഞ്ഞുകൊടുക്കൂ. അങ്ങനെ ആദം അവർക്കവയുടെ പേരുകൾ പറഞ്ഞുകൊടുത്തപ്പോൾ അവൻ പറഞ്ഞു: ആകാശഭൂമികളിലെ അദൃശ്യങ്ങൾ എനിക്കറിയാമെന്നും നിങ്ങൾ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതുമെല്ലാം ഞാൻ അറിയുന്നുവെന്നും നിങ്ങളോടു ഞാൻ പറഞ്ഞില്ലേ.ആദമിനു സാഷ്ടാംഗം ചെയ്യുകയെന്ന് മലക്കുകളോട് നാം പറഞ്ഞ സന്ദർഭം. അപ്പോൾ ഇബ്ലീസ് ഒഴികെ അവരെല്ലാം അദ്ദേഹത്തിനു സാഷ്ടാംഗം ചെയ്തു. അവൻ നിഷേധിക്കുകയും അഹങ്കരിക്കുകയുമാണ് ചെയ്തത്. സത്യനിഷേധികളിൽ പെട്ടവനായിരുന്നു അവൻ." (2:30-34)

ഈ വിശുദ്ധ വാക്യം മാനുഷ്യത്തിന്റെ ഉത്ഭവത്തിൽതന്നെ അതിനെ പൂർണ്ണതയുടെ ഉത്തുംഗതയിലേക്ക് ഉയർത്തുകയാണ് ചെയ്യുന്നത്. അതെ, മനുഷ്യൻ ഭൂമിയിലെ പ്രതിനിധിയാണ്. ഭൂമിയിൽ ജീവിക്കുവാനും, അധികാരം വാഴുവാനും അല്ലാഹു തെരഞ്ഞെടുത്തത് അവനെയാണ്. അതിലുള്ളതെല്ലാം അവന് വിധേയമാക്കിയിരിക്കുന്നു. അതുമായി ബന്ധപ്പെട്ടതെല്ലാം അവന് കീഴ്പ്പെടുത്തുകയോ ഉപയോഗം ലഭിക്കുന്ന വിധം സംവിധാനിക്കുകയോ ചെയ്തിരിക്കുന്നു. മാത്രമോ, അറിവ് സമ്പാദിക്കാനുള്ള മാർഗങ്ങൾ തുറന്നുകൊടുത്തിരിക്കുന്നു. വിജ്ഞാനത്തിന്റെ പൂർണതയിലേക്കുയരുവാനുള്ള കഴിവു നൽകിയിരിക്കുന്നു. വസ്തുക്കളുടെ സംജ്ഞകൾ അവനെ അല്ലാഹു അഭ്യസിപ്പിച്ചു. ഭൂമിയിലെ പദാർഥങ്ങളുടെ യാഥാർഥ്യം കണ്ടെത്തുവാനും അതു വഴി അല്ലാഹുവിന്റെ മാഹാത്മ്യം ഗ്രഹിക്കുവാനും അവനു സാധ്യമാക്കി. അങ്ങനെയാണ് അല്ലാഹു അവനെ അങ്ങേയറ്റം ആദരണീയനാക്കി ഉയർത്തിയത്. തുടർന്ന് അവന്റെ മുമ്പിൽ സാഷ്ടാംഗം നമസ്കരിക്കാൻ മലക്കുകളോടുപോലും അവൻ ആജ്ഞാപിച്ചു.

മനുഷ്യന്റെ മാനുഷ്യത്തെ അല്ലാഹു ആദ്യമായി ആദരിച്ചത് അങ്ങനെയാണ്. അല്ലാഹു അവനെ അതി

മാത്രം സുന്ദരനാക്കി സൃഷ്ടിച്ചു. ഇവിടെ വ്യക്തിയെയല്ല മാനുഷ്യത്തെയാണ് അവൻ ആദരിച്ചിരിക്കുന്നത്. അതിനാൽ മനുഷ്യരെല്ലാം ആദരണീയരായി ത്തീർന്നിരിക്കുന്നു. കാരണം മാനുഷ്യത്തിൽ അവർ തുല്യ പങ്കാളികളാണ്. അതിനാൽ അവരെല്ലാം ഒരുപോലെ പരിഗണനയും ആദരണീയതയും ആർഹിക്കുന്നു. അവിടെ നീഗ്രോയെന്നോ അറബിയെന്നോ വ്യത്യാസമില്ല. വെളുത്തവനും കറുത്തവനും തമ്മിൽ വിവേചനമില്ല. വർണ്ണമുള്ളവനെന്നോ ഇല്ലാത്തവനെന്നോ പരിഗണനയില്ല. ഏതെങ്കിലും പ്രത്യേക ഗോത്രത്തോടോ വർഗ്ഗത്തോടോ അല്ലാഹുവിന് പ്രത്യേക മമതയുമില്ല. മനുഷ്യരാശി--അവരെയാണവൻ ഭൂമിയിലേക്ക് വേണ്ടി തെരഞ്ഞെടുത്തിരിക്കുന്നത്. ഒരു വിഭാഗത്തെ അധികാരം വാഴുന്നവരായും മറ്റൊരു വിഭാഗത്തെ അധികാര വിധേയരായും അവൻ നിശ്ചയിച്ചിട്ടില്ല. അനുസരിക്കപ്പെടുന്ന ഭരണീയരായി ഒരു വിഭാഗത്തെയും, അനുസരിക്കുകയും ഇല്ലെങ്കിൽ കര്യങ്ങളാകെ അവതാളത്തിലാവുകയും ചെയ്യുന്ന ഭരണീയരായി മറ്റൊരു വിഭാഗത്തെയും അവൻ സൃഷ്ടിച്ചിട്ടില്ല. മാനുഷ്യം കുറവായ ഒരു വിഭാഗവും കൂടുതലായ മറ്റൊരു വിഭാഗവും കാണപ്പെടുകയില്ല. ഒന്ന് നിലനിൽക്കാൻ അർഹതയുള്ളതും മറ്റൊന്ന് നശിക്കാൻ അർഹതയുള്ളതുമായി അങ്ങനെയുമില്ല. ഒരു വിഭാഗത്തിന്റെ ദാസ്യവൃത്തിക്ക് മാത്രം മറ്റൊരു വിഭാഗം സൃഷ്ടിക്കപ്പെട്ടിട്ടില്ല. മറിച്ച്, ഭൂമിയും അതിലുള്ള എല്ലാ വസ്തുക്കളും മനുഷ്യന് വേണ്ടി വിധേയമാക്കിയതാണ്. തന്റെ ബുദ്ധി ഉപയോഗിച്ചു അവയെ അവന് കീഴ്പ്പെടുത്താം.

എന്നാൽ ചിലപ്പോൾ മനുഷ്യൻ നിർണിത മാർഗത്തിൽനിന്ന് വ്യതിചലിച്ചു തന്റെ സഹോദരന്റെ മേൽ അധികാരം വാണേക്കാം. അല്ലെങ്കിൽ അവനെ കീഴ്പ്പെടുത്തി തന്റെ ദാസനാക്കി വെച്ചേക്കാം. ആ മാർഗത്തിൽ തന്റെ എല്ലാ കഴിവുകളും അവൻ ഉപയോഗപ്പെടുത്തിയേക്കാം. ആത്മീയ വികാരത്തോടൊപ്പം മനുഷ്യനിൽ നിലീനമായ ഹിംസാത്മക മൃഗീയതയുടെ വിജയമാണിത്. ആ വികാരം അവനിൽ ആധിപത്യം ചെലുത്തിയാൽ അവൻ വനാന്തരങ്ങളിലെ കേസരികൾക്ക് സമാനമായിത്തീരും. പിന്നീട് കയ്യൂക്കിന്നാണ് അവിടെ വിജയം. ഉന്നതമായ മാനുഷിക വികാരങ്ങളെല്ലാം അവിടെ വിസ്മരിക്കപ്പെടുകയും പൈശാചിക വികാരങ്ങൾ അധികാരം വാഴുകയും ചെയ്യുന്നു.

ഉന്നതമായ മാനുഷിക വികാരങ്ങളെ സുദൃഢമാക്കാനും, മനുഷ്യമനസ്സുകളിൽ ഗുപ്തമായിക്കിടക്കുന്ന മൃഗീയ വികാരങ്ങളെ തളർത്തി, തൽസ്ഥാനത്ത് മനുഷ്യത്വത്തിന് ആധിപത്യം നൽകുവാനാണ് എല്ലാ ആകാശ നിയമങ്ങളും അവതീർണ്ണമായിരിക്കുന്നത്. അതുവഴി മാത്രമെ മനുഷ്യപ്രകൃതിയെ പൂർണ്ണ പ്രഭാവത്തിൽ നിലനിർത്താൻ സാധ്യമാവൂ. ഖുർആൻ പറയുന്നു:

“ഋജുവായ ദീനിന്റെ നേരെ നിന്റെ മുഖത്തെ തിരിച്ചുനിർത്തുക. അല്ലാഹു ജനങ്ങളെ ഏത് പ്രകൃതിയിൽ സൃഷ്ടിച്ചുവോ ആ പ്രകൃതിയാണത്. അല്ലാഹുവിന്റെ സൃഷ്ടിക്ക് മാറ്റമില്ല. അതത്രെ അവക്രമായ മതം. പക്ഷെ, അധിക ജനങ്ങളും അതറിയുന്നില്ല.”(30:30)

ഋജുവായ മതത്തിന്റെ അടിസ്ഥാനം ഉന്നതമായ ഈ മനുഷ്യപ്രകൃതിയാണ്. മനുഷ്യന്റെ ശാശ്വത ശത്രുവായ പിശാചിന്റെ ദുർബ്ബോധനങ്ങളേറ്റ് മലിനമാവാത്ത ശുദ്ധപ്രകൃതി.

ആ ഋജുവായ മതത്തിന്റെ അന്തസത്ത, പ്രവാചകന്മാർക്കവതീർണ്ണമായ എല്ലാ ആകാശമതങ്ങളിലും ഒന്നു മാത്രമായിരുന്നു. അതാണ് അല്ലാഹു പറഞ്ഞത്:

“നൂഹിനെ ഉപദേശിച്ചതും താങ്കൾക്ക് നാം ബോധനം നൽകിയതും, (മുമ്പ്) ഇബ്റാഹീം, മൂസാ, ഈസാ എന്നിവർക്ക് ബോധനം നൽകിയതുമേതോ അതാണ് ദീനിൽ നിങ്ങൾക്ക് നാം നിയമമാക്കി നിശ്ചയിച്ചിരിക്കുന്നത്. അതായത് ഈ ദീനിനെ നിങ്ങൾ നിലനിർത്തുക; അതിൽ ഭിന്നിക്കരുത്. നിങ്ങൾ ക്ഷണിക്കുന്ന ഈ കാര്യം ബഹുദൈവാരാധകരെ സംബന്ധിച്ചിടത്തോളം വളരെ ഭാരമേറിയതാണ്. (എന്നാൽ) അല്ലാഹു ഇച്ഛിക്കുന്നവരെ തന്റെ മാർഗത്തിലേക്ക് തെരഞ്ഞെടുക്കുന്നു. അവനിലേക്ക് മടങ്ങുന്നവരെ അവൻ സന്മാർഗത്തിലാക്കുകയും ചെയ്യുന്നു. (വ്യക്തമായ) വിജ്ഞാനം വന്നുകിട്ടിയതിനു ശേഷം പരസ്പരമുള്ള വിദ്വേഷം കൊണ്ട് മാത്രമാണ് അവർ ഭിന്നിച്ചിരിക്കുന്നത്. ഒരു നിർണിത അവധി വരെ ( അവരെ താമസിപ്പിക്കണമെന്ന) നിന്റെ നാഥന്റെ വാക്ക് കഴിഞ്ഞുപോയിട്ടില്ലായിരുന്നുവെങ്കിൽ അവർക്കിടയിൽ (ഉടൻതന്നെ) തീരുമാനം കൽപിക്കപ്പെടുമായിരുന്നു. അവർക്ക് ശേഷം ഗ്രന്ഥം അനന്തരമെടുത്തവർ അതെപ്പറ്റി സന്ദേഹാത്മകമായ സംശയത്തിലാണ്. അതിനാൽ താങ്കൾ(കൽപിച്ച പോലെ) പ്രബോധനം ചെയ്യുക. കൽപിച്ചപോലെ സ്ഥൈര്യത്തോടെ നിൽക്കുക. (ഒരിക്കലും) അവരുടെ ഇഛകളെ പിൻപറ്റരുത്. പറയുക: അല്ലാഹു അവതരിപ്പിച്ച ഗ്രന്ഥത്തിൽ ഞാൻ വിശ്വസിച്ചിരിക്കുന്നു. നിങ്ങൾക്കിടയിൽ നീതി പ്രവർത്തിക്കാനാണ് ഞാൻ കല്പിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹു ഞങ്ങളുടെ നാഥനാണ്. നിങ്ങളുടെയും നാഥനാണ്. ഞങ്ങളുടെ പ്രവൃത്തിക(ളുടെ ഫലങ്ങ) ൾ ഞങ്ങൾക്ക് . നിങ്ങളുടെ പ്രവൃത്തിക(ളുടെ ഫലങ്ങ)ൾ നിങ്ങൾക്കും. ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ (ഇനി സംശയം അവശേഷിക്കാൻ) ഒരു തെളിവുമില്ല. അല്ലാഹു നമ്മെ സമ്മേളിപ്പിക്കുക തന്നെ ചെയ്യും. അവങ്കലേക്കാണ് (എല്ലാവരുടെയും) മടക്കം.” (42:13-15)

ഉന്നതമായ ഈ മാനുഷിക വൃത്തത്തിൽ ഖുർആൻ മനുഷ്യനെ ദേഹേഛകളുടെ പിടിവലിയിൽനിന്നും, വികാര സംഘട്ടനങ്ങളിൽനിന്നും, സത്യാസത്യ സംഘർഷത്തിൽനിന്നും മോചിപ്പിച്ചു, മാനുഷിക വികാരങ്ങൾക്ക് വിജയം നൽകി അവനെ മനുഷ്യത്വത്തിന്റെ പരമോന്നതിയിലേക്കുയർത്തുന്നു.മനുഷ്യമനസ്സുകളിൽ നിന്നു മനുഷ്യത്വത്തിന്റെ ശുദ്ധമായ ഉറവകൾ ഒഴുക്കുന്നു. മൃഗീയവും പൈശാചികവുമായ പ്രേരണകളുടെ കലക്കത്തെ അതിജയിക്കുമാറ് അതിന്റെ മുഗ്ദ്ധതക്ക് മാറ്റുകൂട്ടുകയും ചെയ്യുന്നു.

ഇക്കാരണത്താൽതന്നെയാണ്, ഖുർആൻ എല്ലാ മനുഷ്യർക്കുമിടയിൽ തുല്യമായി ബാധ്യതകൾ ഏല്പിക്കുകയും, അവരെ മുഴുവൻ ഒരു പോലെ സംബോധന ചെയ്യാൻ അർഹമായി കണക്കാക്കുകയും ചെയ്യുന്നത്. ബോധവും തന്റേടവും എത്തിക്കഴിഞ്ഞാൽ അവരിൽ ഓരോരുത്തരും ബാധ്യതകൾ വഹിക്കേണ്ടവരും, അമാനത്തുകൾ ഏറ്റെടുക്കേണ്ടവരുമാണ്. ഖുർആൻ പറയുന്നു:

“നാം ആകാശഭൂമികൾക്കും പർവ്വതങ്ങൾക്കും ഉത്തരവാദിത്വം (അമാനത്ത്) കാണിച്ചുകൊടുത്തു. എന്നാൽ അവ ഭയപ്പെടുകയും അത് ഏറ്റെടുക്കാൻ വിസമ്മതിക്കുകയുമാണ് ചെയ്തത്. മനുഷ്യൻ അതേറ്റെടുത്തു. നിശ്ചയം, അക്രമിയും അവിവേകിയുമായിരുന്നു. അവൻ.” (33: 72)

അതുകൊണ്ടാണ് മനുഷ്യരുടെ

ചുമതലകൾ ഒന്നായത്. അവരുടെ പ്രകൃതി ഒന്നു മാത്രമാണ്. ഭൂമിയിൽ തന്റെ ഔന്നത്യത്തിന്ന് അനുരോധമായിക്കൊണ്ടല്ലാതെ ഒരു മനുഷ്യനും ചുമതലകൾ ഏൽപിക്കപ്പെട്ടിട്ടില്ല. അതേപോലെ അവന്റെ ഔന്നത്യത്തിന്ന് യോജിക്കാത്ത വിധം അവനെ നിരുത്തരവാദിയാക്കിയിട്ടുമില്ല.

പക്ഷെ, ചില ജനങ്ങളിൽ അക്രമ സ്വഭാവം അതിജയിച്ചു. മനുഷ്യൻ മനുഷ്യനെ അക്രമിക്കുകയും, സ്വന്തം സഹോദരനെ അടിമയാക്കിവെക്കുകയും ചെയ്തു. അവർ സ്വതന്ത്രരായിരിക്കാനായിരുന്നു, അല്ലാഹു അവരെ സൃഷ്ടിച്ചിരുന്നത്. അതിനാൽ ചില അവസരങ്ങളിൽ, ഇങ്ങനെ അക്രമത്തിനു വിധേയമായവരുടെ ചുമതലകൾ, വിധേയമാകാത്തവരുടേതിനേക്കാൾ ലഘൂകരിക്കുകയുണ്ടായി. അതാണ് അടിമകളെ ചില ഉത്തരവാദിത്വങ്ങളിൽനിന്ന് ഒഴിവാക്കാൻ കാരണം. സ്വതന്ത്രന്മാരുടെ പകുതി ശിക്ഷ മാത്രമേ അവർക്ക് വിധിച്ചിട്ടുള്ളൂ. കാരണം, അടിമത്തം മൂലം സ്വയമേവ അധഃസ്ഥിതമായ അവരുടെ മനസ്സുകൾ കൂടുതൽ വേഗത്തിൽ തിന്മക്ക് കീഴ്പ്പെടുവാൻ സാധ്യതയുണ്ട്. അതിനാൽ അവരുടെ ശിക്ഷ, സ്വതന്ത്രരുടെ ശിക്ഷയേക്കാൾ ലഘുവായിരിക്കണമെന്നത് അല്ലാഹുവിന്റെ നീതി മാത്രമാണ്. അടിമകളെക്കുറിച്ചു അല്ലാഹു പറയുന്നു:

"അടിമ സ്ത്രീകൾ ദുർവൃത്തികളിലേർപ്പെടുകയാണെങ്കിൽ (സ്വതന്ത്രരായ) പതിവ്രതകളുടെ പകുതി ശിക്ഷയാണവർക്ക് നൽകേണ്ടത്." (4:25)

മാനുഷ്യമെന്ന വിശേഷണത്തിൽ ഏറ്റക്കുറവുകളുണ്ടാവുകയാണെങ്കിൽ മനുഷ്യർക്കിടയിൽ ഭീമമായ വീക്ഷണ വ്യത്യാസങ്ങളുണ്ടാകുമായിരുന്നു. ഇപ്പോൾ തന്നെ, അടിസ്ഥാനപരമായി ബുദ്ധിയുണ്ടെന്ന വീക്ഷണത്തിൽ അവരെല്ലാം സമമാണ്. പക്ഷെ അതോടൊപ്പം ചിന്തയിലും വീക്ഷണത്തിലും അവർ വ്യത്യാസം പുലർത്തുന്നു. ചിലർക്ക് കച്ചവടത്തിലാണ് താൽപര്യം. ചിലർക്ക് കൃഷിയിൽ. മറ്റു ചിലർക്ക് സാങ്കേതിക വിദ്യയിൽ. ചിലർ വിജ്ഞാന സമ്പാദനത്തിൽ ആഭിമുഖ്യം പ്രദർശിപ്പിക്കുന്നു. എന്നാൽ ഈ വിദ്യാർഥികൾ തന്നെ പല തരക്കാരാണ്. ഒരാൾ ഗണിതശാസ്ത്രത്തിൽ പ്രാവീണ്യം നേടുന്നു. മറ്റൊരാൾ പ്രകൃതി ശാസ്ത്രത്തിൽ; ഇനിയുമൊരാൾ സാങ്കേതിക ശാസ്ത്രത്തിൽ; വേറൊരാൾ തർക്ക ശാസ്ത്രത്തിൽ. ഇങ്ങനെ പലരുടെയും അഭിരുചികൾ പലതാണ്. എന്തിനു വേണ്ടിയാണോ ഓരോരുത്തരും സൃഷ്ടിക്കപ്പെട്ടത് അതവർക്ക് ആയാസരഹിതമായിരിക്കും. പ്രകൃതിയും ദൈവിക ശക്തിയും ഒരുക്കിക്കൊടുക്കുന്ന മാർഗത്തിലൂടെ അവർ ചരിക്കും. ഈ മാർഗത്തിൽ നിന്ന് ബലം പ്രയോഗിച്ച് അവനെ വ്യതിചലിപ്പിക്കുകയും മറ്റൊരു മാർഗത്തിലേക്ക് തിരിച്ചുവിടുകയും ചെയ്യുകയാണെങ്കിൽ അതവന്റെ കഴിവുകളെ ക്ഷയിപ്പിക്കുക മാത്രമേ ചെയ്യൂ. അസ്തശക്തനായി ലക്ഷ്യത്തിലെത്തുന്നതിനു മുമ്പ് അവൻ തളർന്ന് വീഴും. അവന്റേതായ മാർഗത്തിൽ ചലിച്ചാൽ സമൂഹത്തിനു ലഭിക്കുമായിരുന്ന നേട്ടങ്ങളൊന്നും തന്നെ ഈ അവസ്ഥയിൽ അവനിൽനിന്ന് ലഭിക്കുകയുമില്ല.

മനുഷ്യപ്രകൃതിയെ അതിന്റെ പൂർണ്ണരൂപത്തിൽ നിലനിർത്തിയ ഖുർആൻ ഈ യാഥാർഥ്യം കണക്കിലെടുത്തിട്ടുണ്ട്. സാമൂഹ്യമായ ചുമതലകളെ അടിസ്ഥാനപരമായ രണ്ടു കാര്യങ്ങളിലാണ് അത് പ്രതിഷ്ഠിച്ചിരിക്കുന്നത്.

ഒന്ന്, മനുഷ്യന്റെ വൈജാത്യമാർന്ന കഴിവുകളുടെ സഹകരണം. അല്ലാഹു പറയുന്നു:

“പുണ്യത്തിലും തഖ്‌വയിലും പരസ്പരം സഹകരിക്കുക. കുറ്റത്തിലും ശത്രുതയിലും പരസ്പരം സഹകരിക്കരുത്.” (5:2)

മാർഗച്യുതി സംഭവിച്ചവനെ ശരിയായ പാതയിലൂടെ ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യുന്നവൻ സഹായിക്കണമെന്നും കഴിവുറ്റവരുടെ കഴിവിന്റെ ഫലങ്ങൾ അശക്തർക്ക് കൂടി നൽകണമെന്നുമാണ് ഇതുവഴി ഖുർആൻ പഠിപ്പിക്കുന്നത്. ഈ പരസ്പര സഹകരണം സാക്ഷാൽക്കരിക്കാൻ ബുദ്ധിപരമായ വ്യവസ്ഥകൾ അത് ആസൂത്രണം ചെയ്യുന്നുണ്ട്. വ്യക്തികളുടെ നന്മകൾ സമൂഹത്തിൽ വികേന്ദ്രീകരിക്കുവാനും, സമൂഹം ശ്രേഷ്ഠ സമൂഹമായി വളരുവാനും, വ്യക്തികളെ ശ്രേഷ്ഠതയുടെ സോപാനത്തിലേക്ക് ആരോഹിക്കുവാനും അത് വഴി നിഷ്പ്രയാസം സാദ്ധ്യമാവുമെന്നതിൽ സംശയമില്ല.

മാർഗച്യുതി സംഭവിച്ചവരെ സഹായിക്കുക എന്നതിന് മറ്റൊരു വിവക്ഷ കൂടിയുണ്ട്. അവർക്ക് ശരിയായ പാത കാണിച്ചുകൊടുക്കുക, ആകർഷകമായ മാർഗത്തിലൂടെ ശുദ്ധ പ്രകൃതിയിലേക്കും സത്യസരണിയിലേക്കും അവരെ പ്രബോധനം ചെയ്യുക--ഇതാണാ വിവക്ഷ. എത്ര ശ്രമിച്ചിട്ടും അവർ നേർമാർഗത്തിലേക്ക് വരുന്നില്ലെങ്കിൽ, അവരുടെ തിന്മകൾ പൂർവ്വോപരി ഉഗ്രമായി സമൂഹത്തിൽ താണ്ഡവം നടത്തുകയാണെങ്കിൽ അവരെ അസ്തവീര്യമാക്കി, ആ മുള്ളുകൾ പറിച്ചുകളയുകയാണ് ചെയ്യേണ്ടത്. അത്തരം മുൾച്ചെടികൾ വേരോടെ പിഴുതെറിയുകയോ, ചുരുങ്ങിയത് അവയുടെ ഉപദ്രവം ഒഴിവാക്കുകയോ ചെയ്യേണ്ടത് അനിവാര്യമാണ്.

സാമൂഹ്യക്ഷേമമെന്ന ഉന്നതലക്ഷ്യത്തിലേക്ക് മനുഷ്യന്റെ വിവിധ ശക്തികളെ തിരിച്ചുവിടുക എന്നതാണ് രണ്ടാമത്തേത്. ഓരോ വ്യക്തിയിലുമുള്ള എല്ലാ കഴിവുകളും നന്മയുടെ കേന്ദ്രത്തിനു ചുറ്റും കറങ്ങിക്കൊണ്ടിരിക്കണം. ഇതിനാണ് കർമ്മശാസ്ത്രത്തിൽ സാമൂഹിക ബാദ്ധ്യതയെന്നു പറയുന്നത്.

ഓരോ വ്യക്തികളിലുമുള്ള മാനുഷിക കഴിവുകളെ കേന്ദ്രീകരിക്കുകയാണ് സാമൂഹിക ബാധ്യത കൊണ്ടുദ്ദേശിക്കുന്നത്. ഒരു കാര്യത്തിന് കഴിവില്ലാത്തവനെ കഴിവുള്ളവൻ സഹായിക്കണം. അങ്ങനെ അവനെയും കഴിവുള്ളവനാക്കുന്ന ഒരന്തരീക്ഷം സൃഷ്ടിക്കണം. ഉദാഹരണമായി, മത വിജ്ഞാനീയങ്ങളിൽ അവഗാഹം നേടുന്നത് സാമൂഹിക ബാധ്യതയാണ്. ഗണിതശാസ്ത്രവും ഗോളശാസ്ത്രവും അഭ്യസിക്കുന്നത് സാമൂഹിക ബാധ്യതയാണ്. സമൂഹത്തിന്നും ഭരണകൂടത്തിന്നും സാമൂഹികവും സാമ്പത്തികവുമായ വ്യവസ്ഥകളുടെ നിലനിൽപിനും അനിവാര്യമായ എല്ലാ വിദ്യകളും, പ്രവൃത്തികളും സാമൂഹിക ബാധ്യതയാണ്. ഒരു വിഭാഗമെങ്കിലും അതിൽ ഏർപ്പെട്ടിരിക്കണം. അങ്ങനെ ചെയ്തില്ലെങ്കിൽ അതിന്റെ പ്രത്യാഘാതങ്ങൾ എല്ലാവരും അനുഭവിക്കുകതന്നെ ചെയ്യേണ്ടി വരും.

ഇങ്ങനെ ഉത്തമമായ ഒരു സമൂഹത്തിന്റെ സംവിധാനം വഴി ഖുർആൻ മാനുഷിക ഗുണങ്ങളുടെ പരിപൂർത്തി സാധിക്കുന്നത് ഇവിടെ നമുക്ക് കാണാം. എല്ലാ മനുഷ്യ ശക്തിയെയും അതിനു വേണ്ടി ഖുർആൻ ഒരുമിച്ചു കൂട്ടുന്നു. എല്ലാ കഴിവുകളെയും അതുപയോഗപ്പെടുത്തുന്നു. അതിനാൽ സമൂഹത്തിലെ എല്ലാ മനുഷ്യരുടെയും എല്ലാ കഴിവുകളും ഒരേ മാർഗത്തിലൂടെ ഒഴുകി മനുഷ്യ സമൂഹത്തിന്റെ പൊതുവായ നേട്ടം എന്ന മഹത്തായ ലക്ഷ്യം സാധിതമാകുന്നു.

●